# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3725 | 15.12.2014 - ൽ മറുപടിയ്ക്ക്

**അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്ഥിരം സംവിധാനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേതുപോലെ ഒരു സ്ഥിരം സംവിധാനം വേണമെന്ന് നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ, എന്തുകൊണ്ട് പ്രസ്തുത ശുപാർശ നടപ്പിലാക്കിയില്ലെന്ന് വ്യക്തമാക്കാമോ; | (എ)<br>യും<br>(ബി)<br>യും | നദീജലക്കരാറുകൾ സംബന്ധിച്ച ചർച്ചകളിൽ വിദഗ്ധോപദേശം ലഭിക്കുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന്; പറമ്പിക്കുളം, മുല്ലപ്പെരിയാർ നദീജലക്കരാറുകളെ സംബന്ധിച്ച് പരിശോധന നടത്തിയ ഒമ്പതാം കേരള നിയമസഭയുടെ അഡ്ഹോക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. |
| (ബി) മുല്ലപ്പെരിയാർ, പറമ്പിക്കുളം, കാവേരി എന്നീ നദികളിൽ നിന്നും, സംസ്ഥാനത്തിന് അർഹതപ്പെട്ട വെള്ളം കിട്ടാതെ വരികയും കോടതിയുടെ പരിഗണനയിലുണ്ടായിരുന്ന കേസുകൾ പരാജയപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ വീഴ്ചകൾ മനസ്സിലാക്കി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു | | അന്തർ സംസ്ഥാന നദീജലവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംസ്ഥാനത്തിന് അനുകൂലമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ജലസേചന വകുപ്പിൽ നിലവിൽ സംവിധാനങ്ങളുണ്ട്. ഇതിനായി അന്തർ സംസ്ഥാന ജലവിഭാഗത്തിലെ ചീഫ് എഞ്ചിനീയറുടെ (ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു.) നിയന്ത്രണത്തിൽ ഒരു ജോയിന്റ് ഡയറക്ടറും ഒരു ഡെപ്യൂട്ടി ഡയറക്ടറും അവരെ സഹായിക്കുന്നതിനായിട്ട് |

| | |
|---|---|
| സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനമെടുക്കുമോ? | അസിസ്റ്റന്റ് ഡയറക്ടർമാരും ഉൾപ്പെട്ട വിഭാഗം പ്രവർത്തിച്ചു വരുന്നു.<br><br>അന്തർ സംസ്ഥാന നദീജല വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പരിഹാരം കാണുന്നതിന് മേൽ സൂചിപ്പിച്ച വിഭാഗം ജാഗ്രതയോടെ പ്രവർത്തിച്ചു വരുന്നു. ഇത്തരം കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും ടി വിഭാഗം നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കൂടാതെ മുല്ലപ്പെരിയാർ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് മുല്ലപ്പെരിയാർ സ്പെഷ്യൽ സെല്ലും പ്രവർത്തിച്ചു വരുന്നു. അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാനത്തിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനായി ഒരു Advisory Committee - യും പ്രവർത്തിച്ചു വരുന്നുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധപുലർത്തുന്നതിനായി പാലക്കാട് ഒരു J.W.R Division ഓഫീസും പ്രവർത്തിച്ചു വരുന്നുണ്ട്. പി.എ.പി. കരാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ സർക്കാരിനും ജലസേചന വകുപ്പിനും ടി ഡിവിഷന്റെ പ്രവർത്തനം വളരെയധികം സഹായകരമാണ്.<br><br>മുകളിൽ സൂചിപ്പിച്ച പ്രകാരം നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അന്തർ സംസ്ഥാന നദീജല വിഷയങ്ങളിൽ സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രയോജനപ്രദമായ |

രീതിയിൽനിലവിലുള്ള സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

സെക്ഷൻ ഓഫീസർ